# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1724

14.07.2016- ലെ മറുപടിക്ക്

## ജൈവപച്ചക്കറി കൃഷിക്ക് സഹകരണ ബാങ്ക് വഴി ധനസഹായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.സ്വരാജ് | ശ്രീ. എ.സി.മൊയ്തീൻ<br>(സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ വഴി ധനസഹായം ലഭ്യമാക്കി ജൈവപച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ആലോചിക്കുന്നുണ്ടോ ? | (എ) ഓരോ സഹകരണ ബാങ്കിനും തങ്ങളുടെ പ്രവർത്തനപരിധിയിൽ പച്ചക്കറി കൃഷിക്കുള്ള സാധ്യത പരിശോധിച്ച് ആയതിനുള്ള സാമ്പത്തിക ആവശ്യങ്ങൾക്ക് കൃഷി വായ്പ നൽകുന്നതിന് നടപടി സ്വീകരിക്കുവാൻ എല്ലാ ജോയിന്റ് രജിസ്ട്രാർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഒരംഗത്തിന് നൽകാവുന്ന ഹ്രസ്വകാല കൃഷി വായ്പയുടെ പരമാവധി പരിധി 3 ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. |
| ബി) നിലവിൽ ഇത്തരം പ്രവർത്തനം നടത്തുന്ന സംഘങ്ങൾക്ക് കൂടുതൽ പ്രോത്സാഹനം നൽകുന്നതിനും കൂടുതൽ സംഘങ്ങളെ ഇതിന് പ്രേരിപ്പിക്കുന്നതിനും തയ്യാറാകുമോ? | (ബി) ജനങ്ങൾക്ക് 'സുരക്ഷിത ഭക്ഷണം' എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ആയതിനാൽ ജൈവപച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി എല്ലാ സഹായങ്ങളും, നിർദ്ദേശങ്ങളും നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ